# സമാധാനമായിരിപ്പിൻ

**റോമർ 12:17–18**

**“ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ സകലമനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ.”**

ദൈവം ഒരിക്കലും തന്റെ മക്കളെ ഒരു പ്രതികാരദാഹിയായിട്ടിരിക്കാൻ ആഗ്രഹിക്കുന്നില്ല; മറിച്ച് അവനെപ്പോലെ സമാധാന പ്രിയനായിരിപ്പാൻ ഇഷ്ടപ്പെടുന്നു. എന്നാൽ ഇന്ന് ദൈവത്തെ അനുസരിക്കുകയും സ്നേഹിക്കുകയും അവന്റെ വഴികളിൽ നടക്കുകയും ചെയ്യുന്നു എന്നു പറയുന്ന പലരും ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അവരുടേതായ പല ന്യായങ്ങളും കണ്ടുപിടിക്കുന്നു. എന്നാൽ ദൈവം അപ്പോഴും നമ്മോട് പറയുന്നത്, അരുത്, അങ്ങനെയാവരുത് എന്നാണ്. കാരണം പുറമെ സ്നേഹം നടിച്ച് ഹൃദയത്തിൽ പകയും, അനിഷ്ടവും കൊണ്ടു നടക്കുന്നവരായി കാണുവാനല്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. അതു നമ്മുടെ ജീവിതത്തെ തന്നെ തകർക്കുകയെ ഉള്ളൂ. ദൈവം നമ്മെ എല്ലാ മേഖലയിലും ഏറ്റവും മേന്മയേറിയതായിത്തീരാൻ ആഗ്രഹിക്കുമ്പോൾ നാം അതിന്നു എതിരു നിൽക്കാതെ അവനോട് രമ്യതപ്പെട്ട് ജീവിതം മുമ്പോട്ട് കൊണ്ട്പോവാൻ ശ്രമിക്കണം.

ഇവിടെ വചനത്തിൽ പൗലോസ് ആഹ്വാനം ചെയ്യുന്നത് മറ്റുള്ളവരുടെ മുമ്പിൽ ഒരു കുറ്റമറ്റ ജീവിതം നയിക്കുവാനായിട്ടാണ്. അതു മറ്റുള്ളവർ നമ്മെ അംഗീകരിക്കുന്നതിന്നു വേണ്ടിയോ അല്ലെങ്കിൽ അവരെ പ്രസാദിപ്പിക്കുന്നതിന്നു വേണ്ടിയോ ആകരുത്. നാം അങ്ങനെ ജീവിക്കുക വഴി നമ്മിൽ ആവസിച്ചിരിക്കുന്ന നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ പ്രതിരൂപം മറ്റുള്ളവർ നമ്മിൽ കാണുവാനിടയായിത്തീരണം. ദൈവം, ദൈവമായിരിക്കുന്നതുപോലെ അവന്റെ മക്കളെക്കുറിച്ചും അവൻ അതുപോലെ തന്നെയാണാഗ്രഹിക്കുന്നത്. അതു നാം നമ്മുടെ സ്വകാര്യജീവിതത്തിലും, സാമൂഹിക ജീവിതത്തിലും തികെച്ചും കർത്താവായ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നവരായി ജീവിക്കണം എന്നുള്ളതു തന്നെയാണ്.

പിന്നീടു വചനത്തിൽ പറയുന്നത് യോഗ്യമായതു മുൻ കരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ എന്നാണ്. മറ്റുള്ളവർ എന്തു ചെയ്യുന്നു എന്നത് നമുക്ക് ഒരിക്കലും നിയന്ത്രിക്കാൻ പറ്റാത്ത കാര്യമാണ്. എന്നാൽ നമുക്ക് ചെയ്യൻ കഴിയുന്ന ഒരു കാര്യം എന്നു പറയുന്നത് നമ്മെ തന്നെ സ്വയം നിയന്ത്രിക്കുക എന്നതാണ്. അതിന്നു ജീവിതത്തിൽ ഒരു മുൻ കരുതൽ ആവശ്യമാണ്.

അതു മാത്രം പോരാ നമുക്ക് കഴിയാവുന്നിടത്തോളം മറ്റുള്ളവരോട് സമാധാനമായിരിക്കുവാനാണ് വചനം പറയുന്നത്. ദൈവനാമത്തെയും അവന്റെ വചനത്തെയും ദുഷിക്കപ്പെടാവുന്ന അവസ്ഥകളിൽ അങ്ങനെ അതിന്നു കാരണമാവുന്നവരെ നിയന്ത്രിക്കുക എന്നത് ഒരു ദൈവപൈതലിന്റെ കടമയാണ്. അവിടെ മറ്റുള്ളവരിൽ നിന്നുള്ള നിസ്സഹകരണവും നമ്മുടെ പ്രവൃത്തികൾ അവർക്കിഷ്ടമില്ലാതെ വരുന്നതും ഒന്നും നമ്മെ അതിൽ നിന്നു പിന്മാറാൻ ഈടയാക്കരുത് എന്നാണ് വചനത്തിൽ ഓർപ്പിക്കുന്നത്.

ക്രിസ്തു തന്റെ ജീവിതത്തിൽ ഈ ലോകാവസാനം എപ്രകാരം ജീവിച്ചുവോ അതുപോലെ ഏവരോടും സമാധാനമായി, ഒന്നിനും മറ്റുള്ളവരോട് അസമാധാനത്തിന്റെ ഒരു കണികപോലും അവശേഷിപ്പിക്കാതെ നമ്മുടെ ജീവിതത്തെ നയിക്കാൻ ശ്രമിക്കാം. അതിന്നു ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

യക്കോബ് 1:19–21

എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന്നു താമസവുമുള്ളവൻ ആയിരിക്കട്ടെ. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല. ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ

ബ്രദർ ബിനു ബേബി ആലപ്പുഴ 063